TUESDAY 15/04/2025 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development & Farmer's Welfare Department

Government of Kerala

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/04/2025

1. കേരള സർക്കാരിന്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിന്റെ കൃഷി വകുപ്പിന്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയന്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെന്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. പൈനാപ്പിൾ ഇലകളിൽ നിന്നും യന്ത്രസഹായത്താൽ സൈലേജ് കാലിത്തീറ്റ നിർമ്മാണത്തിൻ്റെ സംരംഭകത്വ സാദ്ധ്യതകൾ പ്രദർശിപ്പിക്കുന്നതിനായി ജില്ലയിലെ മുളന്തുരുത്തി, മുവാറ്റുപുഴ, പാമ്പാക്കുട, വാഴക്കുളം ബ്ലോക്കുകളിലൊന്നിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കൃഷിയിട പ്രദർശന കേന്ദ്രം നടത്തുവാൻ തയ്യാറുള്ള കർഷകർ, കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ / സഹകരണ സ്ഥാപനങ്ങൾ / പ്രാദേശിക കൂട്ടായ്മകൾ എന്നിവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. തിരഞ്ഞെടുക്കുന്ന ഒരാൾക്ക്/ സ്ഥാപനത്തിന് സാങ്കേതിക വിദ്യയും പരിശീലനവും കൃഷിയിട പ്രദർശന കേന്ദ്രത്തിനാവശ്യമായ യന്ത്രങ്ങളും കെ വി കെയിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ നൽകുന്നതാണ്. ഈ കേന്ദ്രത്തിൽ നിന്നും കെവികെയുടെ ആഭിമുഖ്യത്തിൽ തന്നെ നടത്തുന്ന തുടർ പരിശീലനങ്ങളിലൂടെ പ്രദേശത്ത് പുത്തൻ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്ക് ഡോ. സ്മിത ശിവദാസൻ കെവികെ മൃഗസംരക്ഷണ സ്പെഷ്യലിസ്റ്റ്ഫോൺ: 94461 20244

3. കേരള കാർഷിക സർവ്വകലാശാല സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ നേതൃത്വത്തിൽ 4 ദിവസത്തെ അവധിക്കാല കൃഷി പഠന ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് അടിസ്ഥാന കൃഷിപാഠങ്ങൾ പകർന്നു കൊടുക്കുന്ന ക്യാമ്പിന് 12 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. *2025 ഏപ്രിൽ 22 മുതൽ 25 വരെ* തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്ന കർഷകഭവനിൽ വെച്ചാണ് 'കുഞ്ഞാളങ്ങൾ' എന്ന പേരിൽ ക്യാമ്പ് നടക്കുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഏപ്രിൽ 15 ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2371104 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Soil Health Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 മെയ് 6**കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 മെയ്** 7. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം